**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5724** **08-11-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ സബ്‌ട്രഷറി ജില്ലാ ട്രഷറിയാക്കി ഉയർത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ നിലമ്പൂർ സബ് ട്രഷറി ജില്ലാ ട്രഷറിയാക്കി ഉയർത്തണമെന്ന പ്രഖ്യാപനം ബജറ്റിലുണ്ടാകണമെന്ന് അഭ്യർത്ഥിച്ച് നിലമ്പൂർ എം.എൽ.എ.യിൽ നിന്നും കത്ത് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തുവാനായി എം.എൽ.എ മാർ സമർപ്പിക്കുന്ന ശിപാർശകൾ അനന്തര നടപടികൾക്കായി 'ബഡ്ജറ്റ് പ്രസംഗം' തയ്യാറാക്കുന്ന ടീമിന് കൈമാറിയിട്ടുണ്ട്. |
| (ബി) | നിലമ്പൂർ സബ് ട്രഷറി ജില്ലാ ട്രഷറിയാക്കി ഉയർത്തണമെന്ന പ്രൊപ്പോസൽ ട്രഷറി വകുപ്പ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് സമർപ്പിച്ചതെന്ന് അറിയിക്കുമോ; പ്രസ്തുത നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇതുമായി ബന്ധപ്പെട്ട ഫയൽ നമ്പർ സഹിതം നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (ബി) | ഇല്ല. |
| (സി) | പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന നിലമ്പൂർ സബ് ട്രഷറി കെട്ടിടത്തിന്റെ ഡിസൈനിൽ ജില്ലാ ട്രഷറിക്കു വേണ്ട സൗകര്യങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിന് നിർമ്മാണ ഏജൻസിക്ക് നിർദ്ദേശം നൽകുമോ; വിശദമാക്കാമോ; | (സി) | ബാധകമല്ല. |
| (ഡി) | ടെൻഡർ നടപടികൾ പൂർത്തിയാക്കി കരാറുകാരനെ തെരഞ്ഞെടുത്തിട്ടും പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; എന്നത്തേക്ക് നിർമ്മാണം ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ? | (ഡി) | 14/07/2020 -ലെ സ.ഉ.(സാധാ)നം. 4140/2020/ധന ഉത്തരവ് പ്രകാരം നിലമ്പൂർ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികളുടെ ചുമതല നിർമ്മാണ നിർവ്വഹണ ഏജൻസിയായ INKEL Ltd-ന് നൽകിയിരുന്നെങ്കിലും നിർമ്മാണ കാലതാമസം കാരണം പുതിയ നിർമ്മാണ പ്രവൃത്തികൾ ഒന്നും തന്നെ INKEL Ltd-ന് നൽകേണ്ടതില്ല എന്ന് തീരുമാനിക്കുകയും നിർമ്മാണ പ്രവൃത്തികൾ നിർത്തിവയ്ക്കുകയും ചെയ്തു. തുടർന്ന് പ്രസ്തുത കെട്ടിട നിർമ്മാണം സർക്കാർ അക്രെഡിറ്റഡ് ഏജൻസിയായ സംസ്ഥാന നിർമ്മിതി കേന്ദ്രം |

| | | | |
|---|---|---|---|
| | | | മുഖേന നടപ്പിലാക്കുന്നതിന് ട്രഷറി ഡയറക്ടർ സമർപ്പിച്ചിട്ടുള്ള ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ